# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

Scanned with OKEN Scanner

# ഹോളി ഫാമിലി എൽ.പി. സ്കൂൾ, മുട്ടമ്പലം പി.ഒ

സ്ഥാപിതം : 1896

## ഉള്ളടക്കം.


* ആമുഖം
* അടിസ്ഥാന വിവരങ്ങൾ
* സ്കൂൾ ചരിത്രം
* പൊതുലക്ഷ്യങ്ങൾ
* പ്രവർത്തനപദ്ധതി വിശദാംശങ്ങൾ
* പ്രതീക്ഷിത നേട്ടങ്ങൾ
* വിലയിരുത്തലും മോണിറ്ററിംഗും
* ഉപസംഹാരം


Scanned with OKEN Scanner

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് :- ഹോളി ഫാമിലി എൽ.പി.എസ്
മുട്ടമ്പലം P.O, കോട്ടയം

ഫോൺ :- 0481 2573354

ഇമെയിൽ :- goodshepherdlps@gmail.com

സ്കൂൾ കോഡ് :- 33417

## വിദ്യാഭ്യാസ ഭരണസംവിധാനം

റവന്യൂ ജില്ല :- കോട്ടയം

വിദ്യാഭ്യാസ ജില്ല :- കോട്ടയം

ഉപജില്ല :- കോട്ടയം ഈസ്റ്റ്

## സ്കൂൾ ഭരണസംവിധാനം

സ്കൂൾ വിഭാഗം :- പൊതുവിദ്യാലയം

പഠനവിഭാഗങ്ങൾ :- എൽ. പി

മാധ്യമം :- മലയാളം

## സ്കൂൾ നേതൃത്വം

പ്രധാന അദ്ധ്യാപകൻ :- N.F. സെബാസ്റ്റ്യൻ.

Scanned with OKEN Scanner

# ആമുഖം

ഹോളിഫാമിലി എൽ.പി.എസ്, എന്ന് എല്ലാ തലങ്ങളിലും പുനർനാമകരണം ചെയ്യപ്പെട്ട ഗുഡ്ഷെപ്പേർഡ് എൽ.പി.എസ്. ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. സാമൂഹിക സമത്വത്തിന്റെ ഇരുൾ കാടുകൾ താണ്ടി സാംസ്കാരിക മുന്നേറ്റത്തിന്റെ സുവർണ്ണ ശോഭയിൽ ജ്വലിച്ചു നിൽക്കുന്ന ഒരു ജന സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 1896-ൽ ഗുഡ് ഷെപ്പേർഡ് എൽ.പി.എസ്. സ്ഥാപിക്കപ്പെട്ടു. 130 വർഷം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സൃഷ്ടിക്കുന്ന സാമൂഹിക വിപത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കാലഘട്ടത്തിൽ ഇന്നാട്ടിലെ ജനങ്ങൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകി വന്നു. സർവജനങ്ങളുടെയും സർവ്വതോന്മുഖമായ ഉയർച്ചയ്ക്കും പുരോഗതിക്കും വേണ്ടി മിഷനറിമാർ ആരംഭിച്ചതാണ് ഈ സ്കൂൾ.

പല വിദ്യാലയ അന്തരീക്ഷങ്ങൾ താണ്ടി ഇന്ന് ഹോളി ഫാമിലി ക്യാമ്പസിലെത്തി നിൽക്കുന്ന ഹോളിഫാമിലി എൽ.പി.എസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ സ്ഥാപനം 129 വർഷവും പിന്നിട്ട് അനേകായിരങ്ങൾക്ക് വിദ്യ പകർന്നു കൊണ്ട് അതിന്റെ ജൈത്രയാത്ര തുടർന്ന് കൊണ്ടിരിക്കുന്നു.

# സ്കൂൾ ചരിത്രം

കോട്ടയം താലൂക്കിൽ, കളക്ട്രേറ്റിന് സമീപം വിജയപുരം അരമനയുടെ അടുത്ത് ഗുഡ് ഷെപ്പേർഡ് ദേവാലയത്തോട് ചേർന്ന് ഗുഡ് ഷെപ്പേർഡ് എൽ. പി. സ്കൂൾ (ഹോളി ഫാമിലി എൽ. പി. സ്കൂൾ) എന്ന ഈ വിദ്യാലയം 1896-ൽ ആൺകുട്ടികൾക്കായി ഒരു അനാഥാലയവും സ്വകാര്യ സ്കൂളുമായി ആരംഭിച്ചു. സ്കൂൾ സമയത്തിന് ശേഷം കുട്ടികൾക്ക് കയർ പിരിക്കൽ, ബുക്ക് ബൈന്റിംഗ്, മരപ്പണി മുതലായവയിൽ പരിശീലനം നൽകി വന്നിരുന്നു. ഇതിന്റെ മേൽനോട്ടം ഫാദർ ഡൊമിനിക്കിനായിരുന്നു.

1896-ൽ ആരംഭിച്ച സ്കൂളിന് ഗവൺമെന്റ് അംഗീകാരവും 1911 മുതൽ ഗ്രാന്റും ലഭിച്ചു. ആരംഭത്തിൽ 3 ക്ലാസ്സുകളേ ഉണ്ടായിരുന്നുള്ളൂ. അംഗീകാരവും ഗ്രാന്റും കിട്ടിയതിന് ശേഷം സ്കൂൾ അനാഥശാല കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പൂർവ്വാധികം കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങി. 1915-ൽ നാലാം ക്ലാസ് ആരംഭിച്ചെങ്കിലും കുട്ടികളുടെ കുറവ് മൂലം 1917-ൽ അത് നിർത്തൽ ചെയ്തു.

വിജയപുരം കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെയും മാനേജ്മെന്റിന്റെയും തീരുമാനപ്രകാരം ഗവൺമെന്റിൽ നിന്നും ഓർഡർ ലഭിച്ചതനുസരിച്ച് 2022-23 അധ്യയനവർഷത്തിന്റെ ആരംഭത്തിൽ ഗുഡ് ഷെപ്പേർഡ് എൽ. പി.



Scanned with OKEN Scanner

സ്കൂൾ ഹോളി ഫാമിലി ക്യാമ്പസിനകത്ത് പ്രവർത്തിച്ചിരുന്ന മഠോത്താ സ്കൂൾ കെട്ടിടത്തിലേക്ക് മാറി പുനരാരംഭിച്ചു. ഗുഡ് ഷെപ്പേർഡ് എൽ. പി. സ്കൂൾ എന്ന നാമധേയം പുനർ നാമകരണം ചെയ്യപ്പെട്ടു. ഹോളി ഫാമിലി എൽ. പി. എസ്. എന്ന നാമധേയം എല്ലാ തലങ്ങളിലും അംഗീകരിക്കുകയും ചെയ്തു.

വ്യത്യസ്ത തലമുറകൾക്ക് വിദ്യ പകർന്ന് കൊണ്ട് ഗുഡ് ഷെപ്പേർഡ് ദേവാലയത്തിന് എതിർവശത്ത ലോഗോസ് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന സെന്റ്. ജോസഫ് കോൺവെന്റ് ഗേൾസ് ഹൈ സ്കൂളിനോട് ചേർന്ന് തുടക്കം കുറിച്ച ഗുഡ് ഷെപ്പേർഡ് എൽ.പി.എസ്. എന്ന സ്കൂൾ ക്യാമ്പസുകൾ പലതുമാറി രൂപത്തിലും ഭാവത്തിലും ഭൗതികാന്തരീക്ഷത്തിലുമൊക്കെ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ച് ഹോളി ഫാമിലി എൽ. പി. എസ്. എന്ന് പുനർ നാമകരണം ചെയ്യപ്പെട്ട് മുട്ടമ്പലം ജംഗ്ഷനോട് ചേർന്നുള്ള ഹോളി ഫാമിലി ക്യാമ്പസിൽ പഴയ പാരമ്പര്യങ്ങളൊക്കെ നില നിർത്തികൊണ്ട് ഇന്നും യശസ്സുയർത്തി നിൽക്കുന്നു.

# അവസ്ഥാ വിശകലനം

2025 - 26 അധ്യയന വർഷത്തെ വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ എണ്ണം .

| | I A | | I B | | II A | | II B | |
|---|---|---|---|---|---|---|---|---|
| വിഭാഗം | Boy | Girl | Boy | Girl | Boy | Girl | Boy | Girl |
| കുട്ടികളുടെ എണ്ണം | 11 | 8 | 10 | 9 | 10 | 9 | 8 | 11 |
| ആകെ | 19 | | 19 | | 19 | | 19 | |

| | III A | | III B | | IV A | | IV B | |
|---|---|---|---|---|---|---|---|---|
| വിഭാഗം | Boy | Girl | Boy | Girl | Boy | Girl | Boy | Girl |
| കുട്ടികളുടെ എണ്ണം | 17 | 10 | 17 | 8 | 16 | 10 | 16 | 11 |
| ആകെ | 27 | | 25 | | 26 | | 27 | |



Scanned with OKEN Scanner

# പൊതു ലക്ഷ്യങ്ങൾ

* ഒന്നു മുതൽ നാലുവരെയുള്ള ഓരോ ക്ലാസിലും കുട്ടി ഉയർന്ന നിലവാരമുള്ള ധാരണകളും ശേഷികളും നേടി എന്നുറപ്പു വരുത്തുക.
* മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുക.
* എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷ, ഗണിതം, പരിസരപഠനം എന്നിവയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.
* മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസ തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക.
* എല്ലാ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലങ്ങളിലേക്ക് എത്തിക്കുവാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.
* മികച്ച മാനസിക - വൈകാരിക - ശാരീരിക ആരോഗ്യം ഉറപ്പാക്കുക
* മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തുക.



Scanned with OKEN Scanner

* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാസാധ്യതകളെല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കും.
* മാതൃഭാഷയ്ക്കൊപ്പം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കുക.
* വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.
* തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കും.
* വ്യക്തിഗത പിന്തുണ നൽകി ഓരോ കുട്ടിക്കും വേണ്ട കൈത്താങ്ങുകൾ നൽകും.
* വായന, എഴുത്ത്, ഗണിതം അടിസ്ഥാനശേഷികൾ കുട്ടികൾക്ക് കിട്ടി എന്ന് ഉറപ്പ് വരുത്തുന്നു.
* ജീവിത രൂപീകരണ പാഠങ്ങൾ നൽകുകയും പരിശീലിപ്പിക്കുകയും ചെയ്യും.
* സീറോ വേസ്റ്റ് അന്തരീക്ഷം നിലവിൽ കൊണ്ട് വരും.



Scanned with OKEN Scanner

## ഭൗതികം

ചുറ്റുമതിൽ

ഗേറ്റ്

കളിസ്ഥലം

പൂന്തോട്ടം

ചിൽഡ്രൻസ് പാർക്ക്

ഓഡിറ്റോറിയം

ക്ലാസ്സ് മുറികൾ

ഓഫീസ് മുറി

കമ്പ്യൂട്ടർ മുറി

ലൈബ്രറി

അടുക്കള

കുടിവെള്ളം

ടോയ്‌ലറ്റ്

ടർഫ്

## സാമൂഹികം

* പി.ടി.എ. ശക്തിപ്പെടുത്തൽ
* വിദ്യാലയ വികസന സമിതി
* സ്കൂൾ സുരക്ഷ സമിതി
* എസ്.എസ്.ജി.
* ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.



Scanned with OKEN Scanner

# ക്ലാസ് ലൈബ്രറി

700 ൽ പരം പുസ്തകങ്ങൾ ഉള്ള വിശാലമായ ലൈബ്രറി സ്കൂളിലുണ്ട്. ഓരോ ക്ലാസിലെയും കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചു നടത്തുന്ന പുസ്തകങ്ങൾ, നോവലുകൾ, ബാല സാഹിത്യ മാസികകൾ, ശാസ്ത്ര മാസികകൾ, നോവലുകൾ എന്നിവയാണ് സ്കൂൾ ലൈബ്രറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

* ഓരോ ക്ലാസിലെയും നിലവിലുള്ള കുട്ടികളുടെ വായന പരിശോധിച്ച് ഒരു ബുക്കിൽ രേഖപ്പെടുത്തൽ. കുട്ടികളുടെ ഈ പൊതു അവസ്ഥ രക്ഷിതാക്കളുമായി പങ്കുവെച്ച് പരിഹാരപ്രവർത്തനങ്ങൾ നടത്തുന്നു.
* വായന സാമഗ്രികളുടെ ശേഖരണത്തിനായി ഒരു ക്യാമ്പയിൻ സംഘടിപ്പിക്കൽ. വർത്തമാനപത്രങ്ങളുടെ ഭാഗമായി വരുന്ന കുട്ടികളുടെ പേജ്, ചിത്രകഥകൾ കവിതകൾ എന്നിവ ശേഖരിക്കൽ.
* വായനാസാമഗ്രികളുടെ ശേഖരണത്തിനുശേഷം കുട്ടികളുടെ വായനാക്കൂട്ടങ്ങൾ രൂപീകരിക്കൽ. വായന പ്രത്യേക ആസ്വാദനതലത്തിലേക്ക് എത്തിക്കൽ. ഇതിനായി പ്രശ്നോത്തരി, ചർച്ചാവേദികൾ തുടങ്ങിയവ സംഘടിപ്പിക്കൽ. സ്കൂൾ ദിവസങ്ങളിൽ ഒരു നിശ്ചിത സമയവും അവധി ദിവസങ്ങളിൽ കുട്ടികളുടെ ആവാസ കേന്ദ്രങ്ങളിലുള്ള വായനാകോർണറുകളും വായിക്കാനുള്ള അവസരം ഉണ്ടാക്കൽ.



Scanned with OKEN Scanner

* കൃത്യമായ മോണിറ്ററിംഗ് നടത്താൻ
* ആവാസ കേന്ദ്രങ്ങളിൽ വിളിച്ചു ചേർക്കുന്ന സമൂഹസംഗമത്തിൽ വച്ച് കുട്ടികളുടെ വായിക്കാനുള്ള കഴിവിനെ സമൂഹത്തിന് വിലയിരുത്താനുള്ള അവസരം ലഭ്യമാക്കൽ.

## ജൈവ വൈവിധ്യ ഉദ്യാനം

പാഠപുസ്തകത്തിലെ സസ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായി പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ പരിസരത്ത് നട്ട് പിടിപ്പിക്കുന്ന പ്രവർത്തനം. കൂടാതെ ശലഭോദ്യാനം, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ഓരോ കുട്ടിക്കും സംരക്ഷിക്കുവാൻ ഒരു സസ്യമെങ്കിലും ഉണ്ടാവും. സ്കൂളിന് 'വിഷരഹിതപച്ചക്കറി' പരിസ്ഥിതി പരീക്ഷണശാല. കുട്ടികൾക്ക് പരിസ്ഥിതി ഡയറി നൽകൽ. സമയാസമയങ്ങളിൽ മോണിറ്ററിംഗ് നൽകൽ.

## ഉച്ചഭക്ഷണ പരിപാടി

പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, പൈപ്പുകണക്ഷൻ, ഗ്യാസ് കണക്ഷൻ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ, പരിശീലനം സിദ്ധിച്ച



Scanned with OKEN Scanner

പാചകത്തൊഴിലാളികൾ, കുപ്പായം, തൊപ്പി, ഏപ്രൺ, കൈയുറ, മറ്റു ശുചിത്വ സാമഗ്രികൾ. ഗ്ലാസ്സുകളും പാത്രങ്ങളും എന്നും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം. തിളപ്പിച്ചാറിയ വെള്ളം നൽകുന്നതിനുള്ള സംവിധാനം. ഒന്നിടവിട്ട ചൊവ്വാഴ്ചകളിൽ മാനേജ്മെന്റിന്റെ സഹായത്തോടെ നൽകുന്ന ചിക്കൻ കറി, പ്രസിദ്ധീകരിച്ച മെനു. ആധുനിക സൗകര്യങ്ങൾ ഉള്ള സ്റ്റോർ മുറി.

## പ്രത്യേക പരിഗണന

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ്സ് ടീച്ചറും തയ്യാറാക്കൽ
* റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ
* ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവയുടെ ക്രമീകരണം.
* ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യൽ
* പ്രാദേശിക പഠനയാത്രകൾ
* ശാസ്ത്ര ലാബ്
* പൊതുസ്ഥാപനസന്ദർശനം.
* പ്രാദേശിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തൽ

# വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ

* കോർണർ പി.ടി.എ
* അതിഥി ക്ലാസുകൾ
* പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ
* പ്രാദേശിക പഠനയാത്രകൾ
* പൊതുസ്ഥാപന സന്ദർശനങ്ങൾ
* തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ മറ്റു ജനപ്രതിനിധികൾ എന്നിവരെ വിദ്യാലയപ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ
* സമൂഹശ്രദ്ധ പിടിച്ചു പറ്റുന്ന അക്കാദമിക മൂല്യവും സാമൂഹ്യമൂല്യവുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
* നൈപുണ്യശേഷി വികാസം ലക്ഷ്യമിട്ടുള്ള ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കൽ

## കലാപരിശീലനം- ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
* അഭിരുചി വളർത്തുക
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കലാപരിശീലനത്തിനായി ഉപയോഗിക്കുക.



Scanned with OKEN Scanner

## ആരോഗ്യ കായിക വിദ്യാഭ്യാസം

* വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പരിശീലിപ്പിക്കുക
* യോഗ പരിശീലനം, ഫുട്ബോൾ, കളികൾ എന്നിവയിലൂടെ എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കൽ
* സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തം.
* ഹരിതാഭമായ സ്കൂൾ അന്തരീക്ഷം.
* കുട്ടികൾക്ക് താത്പര്യമുള്ള കളികൾ പരമാവധി വികസിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടാകുന്നു.

## പ്രവർത്തിപരിചയം

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കും.
* പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ പ്രയോജനകരമായ ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവ്.
* ഇതര വിഷയ പഠനവുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.
* പ്രവർത്തനപരിപാടികളുടെ ഭാഗമായി എംബ്രോയിഡറി, വെജിറ്റബിൾ പ്രിന്റിങ്, ഫാബ്രിക് പെയിന്റിംഗ്, കൗതുക വസ്തുക്കളുടെ നിർമ്മാണം, കളിപ്പാട്ട നിർമ്മാണം തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നു.



Scanned with OKEN Scanner

# ജീവിത രൂപീകരണ പാഠങ്ങൾ

* ഹെൽത്ത് ചെക്കപ്പ് (ദന്തം, കണ്ണ്)

* മെഡിക്കൽ ക്യാമ്പ്.

* സീറോ പ്ലാസ്റ്റിക്

* ദൈനം ദിന പ്രവൃത്തികളിൽ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ സ്വയം പര്യാപ്തത പ്രാപിക്കൽ.
    * നഖം വെട്ടൽ
    * ടേബിൾ മാനേഴ്സ്
    * ബെഡ് മാനേഴ്സ്
    * കൈ കഴുകൽ
    * പല്ല് തേക്കൽ
    * വൃത്തിയാക്കൽ
    * കുളി

* ഓറിയന്റേഷൻ ക്ലാസുകൾ.

* അതിഥി ക്ലാസുകൾ

* പരിശീലനങ്ങൾ

* വൃത്തിയുള്ള അന്തരീക്ഷം

* നേതൃത്വപാഠവം, അച്ചടക്കം, മര്യാദ, കരുണ, ദയ

* വ്യക്തിഗത ക്ലാസുകൾ

* കൗൺസിലിംഗ് .

Scanned with OKEN Scanner

പ്രവർത്തനം

പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കാരം വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | | എസ്. ആർ. ജി. | |

പ്രവർത്തനം

പേര് : പഠനയാത്ര

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കൽ | മികവാർന്ന വിധത്തിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എസ്.ആർ.ജി. | |

## പ്രവർത്തനം

പേര് :- വായനാക്കൂട്ടം

ഉപമേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനം | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ നാട്ടിലെ വായനതല്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകാൻ | ആവശ്യാനുസരണം | എച്ച്. എം. ലൈബ്രേറിയൻ | |

പ്രവർത്തനം

പേര് :- അമ്മവായന

ഉപമേഖല :- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയെ ആസ്വാദനതലത്തിലെത്തിക്കുക. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾക്ക് നൽകി, വായിച്ച് കേൾപ്പിക്കാനും ഭാവന ഉൾക്കൊണ്ട് കുട്ടികൾ കഥകൾ അവതരിപ്പിക്കാനും ക്രമേണ വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കുക. | ജൂൺ to മാർച്ച് | ലൈബ്രേറിയൻ, ക്ലാസ് ടീച്ചേഴ്സ് | - |

Scanned with OKEN Scanner

പ്രവർത്തനം

പേര് :- പിറന്നാളിന് പുസ്തകം / പച്ചക്കറി

ഉപമേഖല :- സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതിസംരക്ഷണം, | കുട്ടികളുടെ പിറന്നാളിന് മിഠായി ഒഴിവാക്കിക്കൊണ്ട് ഉച്ചഭക്ഷണത്തിനുള്ള പച്ചക്കറിയോ, ലൈബ്രറിയിലേക്ക് ഒരു പുസ്തകമോ നൽകിക്കാം. മൈക്രോ പ്ലാസ്റ്റിക്, പരിസ്ഥിതിയിലുണ്ടാക്കുന്ന ദൂഷ്യങ്ങൾ വ്യക്തമാക്കുന്നു. | ജൂൺ - മാർച്ച് | S.R.G. | |

പ്രവർത്തനം

പേര് :- പൊതുസ്ഥാപനസന്ദർശനം

ഉപമേഖല :- സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തനചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങളെ കുറിച്ച് അറിവ് ഉണ്ടാവുക. സമൂഹവുമായി ഇണങ്ങി ചേരൽ | * പൊതു ലൈബ്രറി<br>* പോലീസ് സ്റ്റേഷൻ<br>* ഫയർ സ്റ്റേഷൻ<br>* പോസ്റ്റ് ഓഫീസ്<br>* അനാഥാലയം<br>എന്നിവ സന്ദർശിക്കുകയും സമൂഹത്തിൽ ഒറ്റപ്പെട്ട് നിൽക്കുന്നവരെ ചേർത്ത് നിറുത്താനും പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. | രണ്ടു മാസത്തിൽ ഒരു സന്ദർശനം | | |

Scanned with OKEN Scanner

പ്രവർത്തനം.

പേര് :- മെഗാ ഹെൽത്ത്

ഉപമേഖല :- ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രവർത്തന ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക. | കണ്ണ്, പല്ല്, സ്കിൻ, ഹെയർ എന്നിവയുടെ വിദഗ്ധ ഡോക്ടേഴ്സിനെ സ്കൂളിൽ എത്തിച്ച് പരിശോധന നടത്തുകയും പരിഹാരം ചെയ്യുകയും ചെയ്യുന്നു. ആരോഗ്യ ഡാറ്റ ഉണ്ടാക്കുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും ഒരു ക്യാമ്പ് | എസ്.ആർ. ജി. | മാനേജ്മെന്റ്, അധ്യാപകർ. |

# 2025 - 26 അക്കാദമിക വർഷം

## ജൂൺ - മാർച്ച് മാസങ്ങളിലെ തനതു പ്രവർത്തനങ്ങൾ

ഈ അധ്യയന വർഷത്തിൽ ഞങ്ങൾ കൂടുതൽ മുൻതൂക്കം കൊടുത്തിരിക്കുന്നത് ജീവിത രൂപീകരണ പാഠങ്ങൾക്കാണ്. കുട്ടികളിൽ കണ്ട് വരുന്ന സ്വഭാവ വൈകല്യങ്ങൾ മറികടക്കാനും നാളെയുടെ മുതൽക്കൂട്ടുകളായ പൗരന്മാരെ സൃഷ്ടിക്കാനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുന്നത്. വ്യക്തിശുചിത്വം, പരിസരശുചിത്വം, മറ്റുള്ളവരോടുള്ള കരുതൽ, സഹായ മനസ്കത, മുതിർന്നവരെ ബഹുമാനിക്കൽ തുടങ്ങിയവ ദൈനംദിന ജീവിതത്തിൽ നടപ്പിലാക്കാൻ വേണ്ട പ്രത്യേക ക്ലാസുകൾ പരിശീലനങ്ങൾ, വീഡിയോകൾ എന്നിവ നടപ്പിൽ വരുത്തും. 'വൃത്തിയുള്ള ഞാൻ' എന്ന പദ്ധതി നടപ്പിലാക്കും.

### അടിസ്ഥാനകാര്യങ്ങൾ (ഇംഗ്ലീഷ്, മലയാളം)

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് നൽകും. എഴുത്തും വായനയും മെച്ചപ്പെടുത്താൻ വേണ്ട പരിശീലനങ്ങൾ നൽകുകയും. അവ സമൂഹത്തിലേക്ക് എത്തിക്കാൻ മത്സരങ്ങൾ നടത്തുകയും പൊതുവേദിയിൽ അവതരിപ്പിക്കുകയും ചെയ്യും. അമ്മ, വായന, വായനക്കൂട്ടം, എഴുത്ത് കളരി ഇവയെല്ലാം പ്രയോജനപ്പെടുത്തും.

Scanned with OKEN Scanner

'വിഷരഹിതപച്ചക്കറി' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി. സ്കൂളിന്റെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി കൃഷി കുട്ടികളുടെ നേതൃത്വത്തിലും P.T.A യുടെ സഹകരണത്തോടെയും നടപ്പിലാക്കും.

പൊതുസ്ഥാപന സന്ദർശനങ്ങൾ രണ്ട് മാസത്തിൽ ഒരിക്കൽ ഒരു സ്ഥാപനം എന്ന രീതിയിൽ ലൈബ്രറി, പോസ്റ്റ് ഓഫീസ്, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, അനാഥമന്ദിരം എന്നിവ സന്ദർശനം നടത്തും. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളുടെ ആരോഗ്യ നില സംരക്ഷിക്കുകയും ആരോഗ്യപരിപാലനം നിർബന്ധമാക്കുകയും ചെയ്യും.

Scanned with OKEN Scanner

# പ്രതീക്ഷിത നേട്ടങ്ങൾ

## കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ

* ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. പ്രീ-പ്രൈമറി ക്ലാസ്സിലെ പഠനരീതി ആധുനിക കാഴ്ചപ്പാടോടെ പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കും. കൂടാതെ ഭൗതിക സാഹചര്യം ഉൾപ്പെടെയുള്ള പഠനാന്തരീക്ഷം ആധുനികവൽക്കരിക്കും. സ്കൂളിനെ പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കുകയും പഠനരീതി ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അധ്യാപക പരിശീലനം സംഘടിപ്പിക്കുകയും ചെയ്യൽ

* "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു. വിദ്യാലയ വികസന യോഗങ്ങളിൽ പങ്കെടുക്കാൻ ശാസ്ത്രീയമായ വിദ്യാഭ്യാസ രീതിയെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കൽ. വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ, വിദ്യാലയ വികസനത്തിനായി വിഭവസമാഹരണം നടത്തൽ. പദ്ധതികൾ നടപ്പിലാക്കുന്നതിന് വിദ്യാലയത്തെ സഹായിക്കൽ.

Scanned with OKEN Scanner

# വിലയിരുത്തലും മോണിറ്ററിംഗും

* സ്ഥാപനത്തിലെ പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കൽ.
* ഓരോ അക്കാദമിക പ്രവർത്തനത്തിനും ആവശ്യമായ പിന്തുണാ സംവിധാനം ഉറപ്പുവരുത്തുകയും അവയെ യഥാസമയം വിലയിരുത്തുകയും ചെയ്യൽ
* അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകൽ
* സംഘാടന നിർവ്വഹണ ഘട്ടങ്ങളിൽ നിരന്തര ഇടപെടുകൊണ്ടുള്ള മോണിറ്ററിംഗ് രീതി അവലംബിക്കൽ
* അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ.
* മികവുകൾ (കുട്ടികൾ, അധ്യാപകർ, സ്ഥാപനം) വിലയിരുത്തി മികച്ച മാതൃകകൾക്ക് പ്രോത്സാഹനം നൽകൽ
* മൂല്യനിർണ്ണയ സാമഗ്രികൾ വികസിപ്പിക്കുകയും അതിന്റെ വിനിമയം ഉറപ്പാക്കുകയും ചെയ്യുക.

Scanned with OKEN Scanner

## ഉപസംഹാരം

ഹോളി ഫാമിലി എൽ. പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ - ൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും. എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

Scanned with OKEN Scanner